# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ. സജികുമാർ)

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - തസ്വഭവ സ്ഥാപനങ്ങളിലെ പ്ലാൻ Sulekha Software-ൽ upload ചെയ്യുന്നതിൽ വീഴ്ച വരുത്തിയ അസി. എഞ്ചിനീയർ (എംപ്ലോയ്മെന്റ് മുഖേന) ശ്രീ. ഉണ്ണികൃഷ്ണൻ. ബി-ക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

പരാമർശം:
1) ഈ ഓഫീസിലെ ഇ3/7000/09/സിഇ/തസ്വഭവ തീയതി 13.03.2017.
2) സുലേഖ പ്ലാൻ മോണിറ്ററിംഗ് സംവിധാനം
3) സുലേഖ പ്ലാൻ മോണിറ്ററിംഗ് സംവിധാനപ്രകാരമുള്ള ഐ.കെ.എം റിപ്പോർട്ട്

## ഉത്തരവ് നം. ഇ15-7493/2017/സിഇ/തസ്വഭവ തീയതി 02.06.2017

2017-18 സാമ്പത്തികവർഷത്തെ തദ്ദേശ സ്വയംരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകൾ upload ചെയ്ത് ഡി.പി.സി അംഗീകാരം ലഭ്യമാക്കുന്നതിന് 2017 മെയ് 31 അന്തിമ തീയതിയായി സർക്കാർ ഉത്തരവിട്ടിട്ടുള്ളതാണ്. ആയതുമായി ബന്ധപ്പെട്ട പരിശോധനയിൽ മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ ഡാറ്റാ എൻട്രി ഒന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൃത്യവിലോപമായി കാണുന്നു. മേൽ വീഴ്ച സർക്കാർ തലത്തിൽ ഗുരുതര അച്ചടക്കലംഘനമായി വിലയിരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിതനായ ശ്രീ. ഉണ്ണികൃഷ്ണൻ. ബി-യെ പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചീഫ് എഞ്ചിനീയർ

ശ്രീ. ഉണ്ണികൃഷ്ണൻ. ബി
അസിസ്റ്റന്റ് എഞ്ചിനീയർ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന)
കണ്ണമംഗലം ഗ്രാമപഞ്ചായത്ത്
മലപ്പുറം.

(എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം ജില്ലാപഞ്ചായത്ത് മുഖേന)

പകർപ്പ് :
1) ഗവ. സെക്രട്ടറി, തസ്വഭവ തിരുവനന്തപുരം
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്, മലപ്പുറം.
3) അസി. എക്സി. എഞ്ചിനീയർ, വേങ്ങര ബ്ലോക്ക്പഞ്ചായത്ത്, മലപ്പുറം
4) എക്സി. ഡയറക്ടർ, ഐ.കെ.എം (ഉപരിപത്രം മുഖേന - സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഇ3 സെക്ഷൻ
6) കരുതൽ ഫയൽ

P 928